**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1316** — 04-02-2019 -ൽ മറുപടിക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണ പാക്കേജ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം.ജോൺ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽപെട്ട എത്ര പേരുടെ വീട്ടുകളാണ് പൂർണമായും ഭാഗീകമായും തകർന്നതെന്നും ഇവരുടെ പേരും വിലാസവും ഇവയ്ക്ക് സർക്കാർ കണക്കാക്കിയ നഷ്ടവും ഇനം തിരിച്ച് വ്യക്തമാക്കാമോ; | എ) | പൂർണ്ണമായി തകർന്ന വീട്ടുകൾ: 133<br>ഭാഗികമായി തകർന്ന വീട്ടുകൾ: 8044<br>പൂർണ്ണമായി തകർന്ന വിട്ടുകൾക്ക് 4,00,000/- രൂപയും ഭാഗികമായി തകർന്ന വീട്ടുകൾക്ക് താഴെ പറയും പ്രകാരവും തുക അനുവദിച്ചു വരുന്നു.<br>15% വരെ: 10,000/- രൂപ<br>16% - 28%: 60,000/- രൂപ<br>30% - 59%: 1,25,000/- രൂപ<br>60% - 74%: 2,50,000/- രൂപ<br>ഇപ്രകാരം ദുരിതാശ്വാസം അനുവദിച്ചിട്ടുളളവരുടെ പേരും മേൽവിലാസവും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| ബി) | ഇതിൽ എത്ര കുടുംബങ്ങൾക്കാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി പുതിയ ഭവനമോ അറ്റകുറ്റപ്പണികളോ നടത്തിക്കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പൂർണ്ണമായി തകർന്ന 54 വീട്ടുകൾക്ക് 4,00,000/- രൂപ ധനസഹായത്തിന്റെ ആദ്യ ഗഡു ആയ 95,100/- രൂപ പ്രകാരം 51,35,400/- രൂപ നൽകിയിട്ടുണ്ട്. 18 പേർക്ക് 2-ാം ഗഡു ആയ 1,52,450/- വീതവും നൽകിയിട്ടുണ്ട്. |
| സി) | വായ്പ എടുത്ത് നിർമ്മിച്ച പല വീട്ടുകളും തകർന്ന സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളുടെ വായ്പ പൂർണമായും എഴുതി തള്ളുന്നതിനും, പുതിയ വീട് വയ്ക്കുന്നതിനും തകർന്ന വീട്ടുകളുടെ അറ്റകുറ്റപ്പണിക്കുമായി പലിശ രഹിത വായ്പ സർക്കാർ ലഭ്യമാക്കാമോ; വിശദാംശം ലഭിക്കുമോ? | സി) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ